പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6054 04/07/2019-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്: | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാരുടെ അധികാരം ഭാഗികമായി പുന:സ്ഥാപിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്കൂൾ മാനേജർമാരുടെ അധികാരങ്ങളൊന്നും തന്നെ സർക്കാർ പിൻവലിക്കുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | പുതിയ ഉത്തരവ് പ്രകാരം അദ്ധ്യാപക ബാങ്കിൽ നിന്ന് അദ്ധ്യാപകരെ നിയമിക്കുന്ന തീയതി മുതൽ മാത്രമേ സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനത്തിന് അംഗീകാരം ലഭിക്കുകയുള്ളൂവെന്ന് വ്യക്തത വരുത്തിയിട്ടുണ്ടോ; | (ബി) | കെ.ഇ.ആർ അദ്ധ്യായം XIV A ലെ ചട്ടം 43, 51എ, 51ബി എന്നീ ചട്ടങ്ങൾക്ക വിധേയമായി, കെ.ഇ.ആർ അധ്യായം XXI, ചട്ടങ്ങൾ 7(1), 7(2), 7(3)(a), 7(3)(b), 7(4) എന്നിവ പ്രകാരം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കുന്നതിലേക്കായി നീക്കിവച്ചിട്ടുള്ള തസ്തികകളിലേയ്ക്കോ ഒഴിവുകളിലേയ്ക്കോ അദ്ധ്യാപക ബാങ്കിൽ നിന്നല്ലാതെ മാനേജർമാർ നിയമനം നടത്താൻ പാടില്ല. അതേ ദിവസത്തിലോ തുടർന്നുവരുന്ന മറ്റേതെങ്കിലും ദിവസത്തിലോ ഉണ്ടാകുന്ന മറ്റൊഴിവുകളിൽ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ മേൽപ്പറഞ്ഞ തസ്തികകളിലോ ഒഴിവുകളിലോ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ജോലിക്ക ചേരുന്ന തീയതി മുതൽ പ്രാബല്യത്തിൽ മാത്രമേ അംഗീകാരത്തിനായി പരിഗണിക്കുകയുള്ള എന്ന് കെ.ഇ.ആർ അധ്യായം XXI, ചട്ടം 7(5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എങ്കിലും അദ്ധ്യാപകരുടെ പുനർവിന്യാസ കാര്യത്തിൽ ബഹു. ഹൈക്കോടതിയുടെ 'സ്റ്റാറ്റസ്കോ' ഉത്തരവ് നിലനില്ക്കുന്ന സാഹചര്യത്തിൽ 08-03-2019-ലെ നം.ജെ2/57/2019/പൊവിവ സർക്കുലർ പ്രകാരം സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനു അംഗീകൃത ഒഴിവ് |

| | |
|---|---|
| | മാറ്റിവക്കുകയാണെങ്കിൽ ബന്ധപ്പെട്ട മറ്റ് നിയമനങ്ങൾക്ക് നിയമനതീയതി മുതൽ തന്നെ അംഗീകാരം നല്കാവുന്നതാണ് എന്നു വ്യക്തതവരുത്തിയിട്ടുണ്ട്. |
| (സി) 2016 ജനുവരി 29 മുതലുള്ള അധിക തസ്തിക യിലെ അദ്ധ്യാപക നിയമനം എപ്രകാരമാ യിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) കെ.ഇ.ആർ അധ്യായം XIV A, ചട്ടങ്ങൾ 43, 51എ, 51ബി എന്നിവയ്ക്ക് വിധേയമായി, അധിക തസ്തികകളിൽ കാറ്റഗറി പരിഗണി ക്കാതെ തന്നെ മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി യോടെ ആദ്യ ഒഴിവ് അധ്യാപക ബാങ്കിൽ നിന്നും (സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ്), രണ്ടാമത്തെ ഒഴിവ് അധ്യാപക ബാങ്കിൽ നിന്നല്ലാതെയും യഥാക്രമം 1:1 അനുപാതത്തിൽ നിയമനം നടത്തി ഒഴിവുകൾ നികത്തണമെന്നാണ് ചട്ടം 7(2) ൽ (അധ്യായം XXI) വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതിന് 29-01-2016 മുതൽ പ്രാബല്യവുമുണ്ട്. |

സെക്ഷൻ ഓഫീസർ